# 'കേരളം ഡച്ചുകാരുടെ ദൃഷ്ടിയിൽ' പ്രകാശിപ്പിച്ചു

തിരുവനന്തപുരം > കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കുന്ന പുസ്തകം 'കേരളം ഡച്ചുകാരുടെ ദൃഷ്ടിയിൽ' മന്ത്രി കടകംപള്ളി സുരേന്ദ്രൻ പ്രകാശനം ചെയ്തു. കെ ശിവശങ്കരൻ നായരാണ് പുസ്തകത്തിന്റെ രചന. കേരളചരിത്രഗവേഷണ കൗൺസിൽ അധ്യക്ഷനും ചരിത്രകാരനുമായ ഡോ. പി കെ മൈക്കിൾതരകൻ പുസ്തകം ഏറ്റുവാങ്ങി.

ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. വി കാർത്തികേയൻ നായർ അധ്യക്ഷനായി. ചരിത്രകാരൻ മലയിൻകീഴ് ഗോപാലകൃഷ്ണൻ പുസ്തകം പരിചയപ്പെടുത്തി. പൈതൃകപഠനകേന്ദ്രം ഡയറക്ടർ ജനറൽ ഡോ. ടി പി ശങ്കരൻകുട്ടി നായർ, കെ ശിവശങ്കരൻ നായർ എന്നിവർ സംസാരിച്ചു. ഡോ. ബിജുബാലകൃഷ്ണൻ സ്വാഗതവും നിതിൻ ചന്ദ്രൻ നന്ദിയും പറഞ്ഞു. 180 രൂപ വിലയുള്ള പുസ്തകം വില്പനശാലകളിൽ ലഭ്യമാണ്.